# ഉപദ്ധ്വനി

മലയാളകവിത 2021



"ഭാഷയിൽ ഭാഷതീർക്കുന്നോൻ
ഭാവനാനിപുണൻ കവി
ഭാരതംപെറ്റ ഭാഗ്യത്താൽ
ഋഷിയാം കവിസത്തമൻ"

- എസ്. രമേശൻനായർ



# എസ്. രമേശൻനായരുടെ കവിതകളിലൂടെ...

ഡോ. ആർ. അശ്വതി



**'ഹുതവഹപരീതംഗൃഹമിവ'**

അൽപ്പമാത്രാബദ്ധമായ അതിശയോക്തിയാണ് ജീവിതം. കവിത ഐഹിക മായക്കാഴ്ചകൾക്കപ്പുറം കവി കണ്ടെത്തുന്ന അഭൗമ വിശ്രാന്തിസ്ഥലവും. ആത്മാവിന്റെ കടമ്പുമരത്തിലെ കരൾക്കൂടുതേടി അവിടേയ്ക്ക് ഒരു കവി കടന്നുവരുന്നു. പി.യും ജി.യും ചങ്ങമ്പുഴയും വയലാറും സൃഷ്ടിച്ച സർഗ്ഗാവേഗങ്ങളെ ധ്യാ നിച്ച്, ഹൃദയശിലയിൽ സപ്തസ്വരമൊരുക്കി, കവിത ആരുമിറക്കിവിടാത്ത വീടകമായി വള ണമെന്ന് വേദനിച്ച, സഞ്ചാരി-മഹാകവി എസ്. രമേശൻ നായർ.

കാവ്യലോകത്തിന്റെ ചരിത്രനിർമ്മിതിക്കായി ആവാഹിച്ചുണർത്തിയ ആദ്യകവിതാ സമാഹാരം കന്നിപ്പൂക്കൾ (1966) മുതൽ ഗുരുപൗർണ്ണമി വരെ അഴകൊഴുകുന്ന കാവ്യപൗർണ്ണമികൾ.

"ഒന്നുകിൽ നീ മമാജ്ഞയ്ക്കു
വഴങ്ങുന്നവനാകണം
ഇല്ലെന്നാകിൽ വീറടക്കി
കൂടയ്ക്കുള്ളിൽ കിടക്കണം." (പാമ്പാട്ടി)

എന്ന 'പാമ്പാട്ടി'യിലെ സിംബലിസ്റ്റ് മന ശാസ്ത്രത്തിന്റ മഹത്വ വൽക്കരണം ഉത്ത പുരുഷന്റെ (ഞാൻ/കവി) കവിതയോടുള്ള (ജീവിതത്തോടും) ഉഗ്രശാസന തന്നെയാണ് അടങ്ങാത്ത ആത്മവിശ്വാസത്തിന്റെ ആ ഹിമ ലയപ്പൊക്കം തന്നെയാണ് കവിയുടെ കാവ്യ രിത്രഗാഥ. പാമ്പാട്ടി, ഹൃദയവീണ, കസ്തൂരി ന്ധി, ഉർവശീപൂജ, അഗ്രേപശ്യാമി, അളകന ജന്മപുരാണം, സൂര്യഹൃദയം, സരയൂതീർത്ഥ സ്വാതിമേഘം, ഭാഗപത്രം, ചരിത്രത്തിനു പറ നുള്ളത്, ഗ്രാമക്കുയിൽ, ഗുരുപൗർണ്ണമി, ഉ തിരിച്ചുവരുന്നു എന്നിവയാണ് പ്രധാന കവി സമാഹാരങ്ങൾ. 1966 കളിലെ സ്വയം പ്രഖ്യാ ഏകലവ്യത്വങ്ങളിൽ നിന്ന് നാരായണനില വളർന്ന ആ നിരന്തരസാധന മലയാളത്തിന ഖശ്രീയായി മാറിയ കാവ്യചരിത്രം ആർഷ

R. No. 44660/87

UPADHWANI QUARTERLY

ISSN 2456-7442
Vol. 34, Issue No. 1-2
Price ₹ 100/-




Edited, Printed and Published by L.V. Harikumar, Printed at: New Multi Offset, TVPM
for Athulya Printers, Thiruvananthapuram-14.